Draft #2 of File 17736/AD A2-3/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 20-May-2020 03:09 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

കോവിഡ് 19 വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയ രാജ്യവ്യാപകമായുള്ള ലോക്ക് ഡൗൺ - സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യയനവും ഹാജർ നിലയും - ഓൺലൈൻ അദ്ധ്യയനം നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2128/AD A 2/2020/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 20.05.2020

---

*പരാമർശം:*-18.05.2020 തീയതിയിലെ വൈസ് ചാൻസലറുടെ കുറിപ്പ് നം. വി.സി./702/2/059/2020.

**<u>ഉത്തരവ്</u>**

കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിനായി രാജ്യവ്യാപകമായി ഏർപ്പെടുത്തിയിട്ടുള്ള ലോക്ക് ഡൗൺ 31.05.2020 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സർവ്വകലാശാല പഠനവകുപ്പുകളിൽ താഴെപ്പറയുന്നവ അടിയന്തിരമായി നടപ്പിലാക്കുന്നതിനായി വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. എല്ലാ പഠനവകുപ്പുകളിലും പ്രവർത്തിദിവസങ്ങളിൽ 50% അദ്ധ്യാപകർ ജോലിക്ക് ഹാജരാകേണ്ടതാണ്. ഇതിനായി ഹാജരാകേണ്ട അദ്ധ്യാപകരുടെ ദിവസം തിരിച്ചുള്ള പട്ടിക (Rotation List) പഠന വകുപ്പ് മേധാവികൾ തയ്യാറാക്കേണ്ടതാണ്.
2. എല്ലാ പഠനവകുപ്പുകളിലും അദ്ധ്യാപകർ നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി അദ്ധ്യയനം ആരംഭിക്കേണ്ടതാണ്.
3. സർവ്വകലാശാല കേന്ദ്രീകൃതമായി ഏർപ്പെടുത്തുന്ന 'മൂഡിൽ' ഓപ്പൺ സോഴ്സ് ലേർണിംഗ് പ്ലാറ്റ്ഫോം തയ്യാറാകുന്ന മുറക്ക് പഠന വകുപ്പുകളിലെ ഓൺലൈൻ അദ്ധ്യയനം മൂഡിൽ വഴിയാക്കേണ്ടതാണ്.
4. ഇതിനായി സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെ ആഭിമുഖ്യത്തിൽ 25.05.2020 മുതൽ മൂഡിൽ പ്ലാറ്റ്ഫോമിൽ അദ്ധ്യയനം നൽകുന്നതിനുള്ള പരിശീലനം ഓൺലൈൻ ആയി നൽകുന്നതും, ആയത് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് കോർഡിനേറ്റ് ചെയ്യേണ്ടതുമാണ്.
5. പരിശീലനം മെയ് 30 നകം പൂർത്തിയാക്കേണ്ടതും, ജൂൺ 01 മുതൽ അദ്ധ്യയനം പൂർണ്ണമായും മൂഡിൽ വഴി ആരംഭിക്കേണ്ടതുമാണ്.
6. ഓൺലൈൻ ക്ലാസ്സുകൾക്കായി സർവ്വകലാശാല പഠനവകുപ്പുകളിലെ സ്മാർട്ട് ക്ലാസ് മുറികൾ ഉപയോഗിക്കാവുന്നതാണെന്നതിനാൽ ഇവയുടെ നിജസ്ഥിതി പരിശോധിച്ച് ഓൺലൈൻ ക്ലാസ്സുകൾക്ക് ഇവ സജ്ജമാണോ എന്ന് പഠനവകുപ്പുമേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
7. മൂഡിൽ പ്രവർത്തന സജ്ജമാകുന്നത് വരെ അദ്ധ്യാപകർ ഓൺലൈൻ ക്ലാസുകൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, മൂഡിൽ പ്രവർത്തന സജ്ജമാകുന്ന മുറക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
8. സർവ്വകലാശാലതല മൂഡിൽ ഇമ്പ്ലിമെന്റേഷൻ സമിതി താഴെപ്പറയും പ്രകാരം രൂപീകരിക്കുന്നു.

1. വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. പ്രോ വൈസ് ചാൻസലർ - അംഗം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. രജിസ്ട്രാർ - കൺവീനർ
4. പ്രൊഫ. ബിന്ദു വി.ആർ., സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് - അംഗം
5. ഡോ. സിബു ജി. നെറ്റോ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് - അംഗം
6. ശ്രീ. മധു വി.റ്റി., IT Consultant - അംഗം
7. ഡോ. സന്തോഷ് കുമാർ എ. (ടെക്നിക്കൽ ഓഫീസർ, സ്കൂൾ ഓഫ് പ്യൂവർ ആൻറ് അപ്പ്ളൈഡ് ഫിസിക്സ്) - അംഗം
8. ശ്രീ. അനീഷ് കുമാർ കെ.സി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ - അംഗം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

പകർപ്പ്

1. എല്ലാ വകുപ്പുമേധാവികൾക്കും/ഡിപ്പാർട്ട്മെന്റുകൾക്കും/സ്കൂളുകൾക്കും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്മാർ.
4. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ.
5. PRO/ സെക്യൂരിറ്റി ഓഫീസർ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
6 . റെക്കോർഡ്സ് സെക്ഷൻ/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി.

Draft #2 of File 17736/AD A2-3/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 20-May-2020 03:09 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം